82 (1188) തമ്പാനൂർ പ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാക്കാൻ നടപടി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമ്പാനൂർ പ്രദേശത്തെ വെള്ളക്കെട്ട് പൂർണ്ണമായും ഒഴിവാക്കാൻ ജലസേചനവകുപ്പ് എന്തെങ്കിലും പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇതിനായി ജലസേചന വകുപ്പ് എന്തുതുക 31.12.1998 വരെ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത തുകയുടെ വിനിയോഗം ഫലപ്രദമായിട്ടില്ലാത്തതിനാൽ പി.ഡബ്ല്യു.ഡി. നഗരസഭ, റെയിൽവേ എന്നിവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ജലസേചന വകുപ്പു നടപടികൾ കൈക്കൊള്ളുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം നഗരത്തിലെ തോടുകളിലെ മാലിന്യങ്ങളും ചെളിയും നീക്കുകയും തോടിന്റെ സംരക്ഷണ ഭിത്തികളുടെ ഉയരം കൂട്ടിയും, ചവറുകൾ നിക്ഷേപിക്കാതിരിക്കാൻ കമ്പിവേലി നിർമ്മിച്ചും ജലനിർഗ്ഗമന ശേഷി വർദ്ധിപ്പിച്ചും തമ്പാനൂരിലെ വെള്ളപ്പൊക്കം ഒരു പരിധിവരെ തടയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ കാര്യങ്ങൾക്കായി ഇതുവരെ ജലസേചന വകുപ്പു 94,47,545 രൂപാ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പ്, റെയിൽവേ, ഇറിഗേഷൻ എന്നീ വകുപ്പുകൾ ഏകോപിപ്പിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായ ഒരു സമിതി ഈ പ്രശ്നത്തെപ്പറ്റി സമഗ്രമായ പഠനങ്ങൾ നടത്തിവരുന്നു.

83 (1189) മാൻഹോൾ വഴിയുള്ള മലിനീകരണം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ മേലാറന്നൂർ, വഴുതക്കാട്, പാലോട്ടുകോണം, ശാസ്തമംഗലം, തമ്പാനൂർ, മോഡൽ സ്കൂൾ ജംഗ്ഷൻ, കരമന, കുഞ്ചാലുംമൂട് എന്നീ സ്ഥലങ്ങളിൽ ഡ്രെയിനേജ് മാൻഹോൾ വഴി സ്വീവേജ് പുറത്തേയ്ക്ക് ഒഴുകി നഗരം മലിനമായിരിക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതെന്തുകൊണ്ടാണുണ്ടാകുന്നതെന്നും ഇതു തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഡ്രെയിനേജ് കുഴലുകളിൽ മാൻഹോൾ വഴി ചപ്പും ചവറുകളും ആഹാരവശിഷ്ടങ്ങളും നിക്ഷേപിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly